ആഫീസർ അനുവാദം നൽകുന്നതാണ്. എന്നാൽ ഒരു ഹെക്ടറിന് താഴെ വിസ്തീർണ്ണം ഉള്ള വീട് നിൽക്കുന്ന പുരയിടത്തിൽ നിന്നും മേൽപ്പറഞ്ഞ ഇനം മരങ്ങൾ മുറിക്കുന്നതിന് അനുവാദം ആവശ്യമില്ല.

അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട റെയിഞ്ചർമാർക്ക് പ്രൊമോഷൻ

65 (2778) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 ഡിസംബറിന് ശേഷം ഇതുവരെ ഫോറസ്റ്റ് അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട എത്ര റെയ്ഞ്ചർമാർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാറ്റഗറിയിൽപ്പെട്ട എത്രപേർ സർവ്വീസിൽ നിന്നും വിരമിച്ചു ;

(സി) 1999 ഒക്ടോബറിന് ശേഷം ഇതുവരെ ഫോറസ്റ്റ് അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട എത്ര റെയ്ഞ്ചർമാർക്ക് സ്ഥാനക്കയറ്റം നൽകി ;

(ഡി) ഇവരിൽ എത്രപേർ സർവ്വീസിൽ നിന്നും വിരമിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 8 റെയിഞ്ചർമാർ.

(ബി) ഈ കാറ്റഗറിയിൽപ്പെട്ട ആരും തന്നെ സർവ്വീസിൽ നിന്നും വിരമിച്ചിട്ടില്ല.

(സി) 1999 ഒക്ടോബറിന് ശേഷം ഫോറസ്റ്റ് അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട ആർക്കും ഇതുവരെ സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷനിലെ അരിപ്രാകുത്ത് കശുമാവ് തോട്ടം ലേലം ചെയ്ത നടപടി

66 (2779) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള അരിപ്രാകുത്ത് കശുമാവ് തോട്ടം ലേലം ചെയ്തതിൽ അഴിമതി നടന്നിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കശുമാവ് തോട്ടം ലേലം ചെയ്ത് എടുത്തത് ആരായിരുന്നു ;

(സി) നോർത്ത് ഡി.എഫ്.ഒ. യുടെ കോട്ടയത്തുള്ള ബന്ധുക്കളുടെ പേരിൽ കുറഞ്ഞ തുകയ്ക്ക് ഡി.എഫ്.ഒ. തന്നെ ലേലം ഉറപ്പിച്ചു കൊടുക്കുകയായിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1998-99 ൽ ഈ കശുമാവ് തോട്ടം എന്തു തുകയ്ക്കാണ് ലേലം ചെയ്ത് കൊടുത്തത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇതിൽ എത്ര തുകയാണ് അടച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) മുഴുവൻ തുകയും അടയ്ക്കാതെ നിലവിലുള്ള നിയമങ്ങൾ മറികടന്ന് കശുവണ്ടി ശേഖരിക്കാൻ അനുമതി നൽകിയതാരാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ ഇടപാടിൽ സർക്കാരിന് എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കായിട്ടുണ്ടോ ;

(എച്ച്) ഇതിനുത്തരവാദികളായവർക്കെതിരെ എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1998-99- ൽ ഈ തോട്ടം എ മുതൽ എഫ് വരെ 6 ബ്ലോക്കുകൾ ലേലം ചെയ്തു എടുത്തവരുടെ പേരുവിവരം താഴെ ചേർക്കുന്നു.

1. ബ്ലോക്ക് എ
കെ.പി. കുഞ്ഞോക്കു
S/o എ. മമദുകുട്ടി
കൊടിയന്നൂർ, അമിക്കോട്.

2. ബ്ലോക്ക് ബി
എ. പ്രദീപ്
S/o എ. വേലായുധൻ
മുതുകാട്, നിലമ്പൂർ.

3. ബ്ലോക്ക് സി
കെ. ശങ്കരനാരായണൻ
കൊങ്ങത്ത് ഹൗസ്, എരണിമങ്ങാട് (പി.ഒ.)

4. ബ്ലോക്ക് ഡി
ജോസ് ജോർജ്
S/o ജോർജ്ജ്
ബെലാടയിൽ, അഗലക്കുമം വില്ലേജ്.

5. ബ്ലോക്ക് ഇ
ജോജി എം. ജോർജ്
മൈലാടിയിൽ ബീവനടി വില്ലേജ്.
പി.ഒ. പ്ലാച്ചക്കര, കാസർകോട് ജില്ല.

LIBRARY ARCHIVES Kerala Legislative Assembly

4. ബ്ലോക്ക് എഫ്
ബോബിച്ചൻ തോമസ്
ആനക്കാട്ടു വയലിൻ
ബീവനടി വില്ലേജ്.
കാസർഗോഡ് ജില്ല.

(സി) ഇല്ല. മേൽ തോട്ടങ്ങളുടെ ലേലം സ്ഥിരപ്പെടുത്തിയിട്ടുള്ളത് ഒലവക്കോട് കൺസർവേറ്ററുടെ ഉത്തരവ് പ്രകാരമാണ്.

(ഡി)

ബ്ലോക്ക് എ	1,77,000 രൂപ.
ബ്ലോക്ക് ബി	2,34,000 രൂപ.
ബ്ലോക്ക് സി	2,04,000 രൂപ.
ബ്ലോക്ക് ഡി	2,26,000 രൂപ.
ബ്ലോക്ക് ഇ	2,76,000 രൂപ.
ബ്ലോക്ക് എഫ്	2,03,500 രൂപ.
ആകെ	13,20,500 രൂപ

(ഇ) ഇതിൽ പകുതി ലേല വിലയായ 6,60,250 രൂപയാണ് അടച്ചിട്ടുള്ളത്. കൂടാതെ ഈ തുകയുടെ 5% വനവികസന നികുതിയും അതുൾപ്പെടെ 12.5% സെയിൽസ്ടാക്സ് 15% ഇൻകം ടാക്സ് എന്നിവയും അടച്ചിട്ടുണ്ട്. പകുതി ലേല വിലയുടെ 10% സെക്യൂരിറ്റി ഇനത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(എഫ്-എച്ച്) വിവരം ശേഖരിച്ചു വരുന്നു.

കായംകുളം തെർമൽ പ്ലാന്റിന്റെ ആവശ്യത്തിനായി മണൽ വാരാൻ അപേക്ഷ

67 (2780) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം തെർമൽ പ്ലാന്റിന്റെ ആവശ്യത്തിനായി വാമനപുരം നദി, കരമനയാറ്, കല്ലാറ്, എന്നീ നദികളിൽ നിന്നും മണൽ വാരുവാനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർക്ക് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിരുന്നുവോ ; എങ്കിൽ അപേക്ഷകന്റെ പേരും മേൽവിലാസവും നൽകുമോ ;

(ബി) ഈ അപേക്ഷ പ്രകാരം മണൽ വാരുവാൻ പെർമിറ്റ് നൽകിയോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഡി.എഫ്.ഒ. ഇതിനുവേണ്ടി പെർമിറ്റ് നൽകാത്ത പക്ഷം പ്രസ്തുത അപേക്ഷകന് ഏതെങ്കിലും ഫോറസ്റ്റ് കൺസർവേറ്ററോ, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോ പ്രസ്തുത നദികളിൽ നിന്നും മണൽ വാരുന്നതിന് അനുമതി നൽകുകയുണ്ടായോ ; എങ്കിൽ ആരാണ് അനുമതി നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly